തൃക്കരിപ്പൂർ ബൈപാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

49 (669)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ പയ്യന്നൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തൃക്കരിപ്പൂർ ബൈപാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വെങ്ങുർ-പുളിങ്ങോം റോഡിനെ കർണ്ണാടക സംസ്ഥാനവുമായി ബന്ധിപ്പിക്കുന്ന ഭാഗ മണ്ഡലത്തിലെ പാലം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൃക്കരിപ്പൂർ ബൈപാസ് മേജർ ഡിസ്ട്രിക്ട് റോഡാക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(ബി) റോഡ് പുനരുദ്ധാരണത്തിനും പാലം പണിയ്ക്കുമുള്ള നിർദ്ദേശം പരിശോധനയിലാണ്.

സുൽത്താൻ ബത്തേരി മിനി സിവിൽസ്റ്റേഷൻ നിർമ്മാണം

50 (671)ശ്രീ. വർഗ്ഗീസ് ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരിയിലെ നിർദ്ദിഷ്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെയായി എന്നു വിശദമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളുമോ;

(സി) മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സുൽത്താൻ ബത്തേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 110 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ ആർക്കിടെക്ച്ചറൽ ഡ്രായിംഗ് തയ്യാറാക്കുന്നതിന് ചീഫ് ആർക്കിടെക്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ 3,28,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

സുൽത്താൻ ബത്തേരിയിൽ ഗവൺമെന്റ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ്

51 (672)ശ്രീ. വർഗ്ഗീസ് ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സുൽത്താൻ ബത്തേരിയിൽ സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പ്രവൃത്തിക്ക് ബജറ്റിൽ എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്നും എന്തു തുകയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സുൽത്താൻ ബത്തേരിയിൽ ഗവൺമെന്റ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ഉപ്പാടി വില്ലേജിലെ കടമാൻ ചിറ എന്ന സ്ഥലത്ത് സർക്കാർ കൈവശം ഉണ്ട്.

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ 1,06,000 രൂപ വകയിരുത്തിയിട്ടുണ്ട്. റഫ് കോസ്റ്റ് എസ്റ്റിമേറ്റ് 37.00 ലക്ഷം രൂപയാണ്.

(സി) ഭൂമി ഏറ്റെടുക്കേണ്ട ആവശ്യം ഇല്ല. സർക്കാർ ഭൂമി കൈവശം ഉണ്ട്.

മേജർ ജില്ലാ റോഡുകൾ

52(673)ശ്രീ.എം.നാരായണൻ(ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി ഏതെങ്കിലും റോഡുകൾ മേജർ ജില്ലാ റോഡുകൾ ആയി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ;

(സി) ഹോസ്ദുർഗ്-പാണത്തൂർ സംസ്ഥാന ഹൈവേയുമായി ബന്ധിപ്പിക്കുന്നതും കേരള കർണ്ണാടക സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്നതുമായ പാണത്തൂർ-കല്ലുപ്പള്ളി, കൊന്നക്കാട്-വെള്ളരിക്കുണ്ട്, നീലേശ്വരം-കോട്ടപ്പുറം-എരിഞ്ഞിക്കിൽ എന്നീ റോഡുകൾ ഇതിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 27 റോഡുകളെ മേജർ ജില്ലാ റോഡുകളാക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(സി) പരിഗണിക്കാവുന്നതാണ്.

കുണ്ടറ ഇ.എസ്.ഐ. ചന്ദനത്തോപ്പ്-പെരിനാട് റോഡിന്റെ എസ്റ്റിമേറ്റ് തുക

53 (677)ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly